(ബി) സ്വകാര്യ ഏജൻസികൾക്ക് സെക്യൂരിറ്റി ഗാർഡുകളെ നിയമിക്കുന്നതിന് നിലവിൽ വ്യവസ്ഥകൾ ഒന്നുമില്ല.

59 (1706) തൊഴിൽ വകുപ്പ് പുന:സംഘടിപ്പിക്കാൻ നടപടി

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് പുന: സംഘടിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പുന:സംഘടിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുവോ?

ഉത്തരം

(എ)&(ബി) 23.1.95-ലെ ജി.ഓ. (എം. എസ്)7/95/തൊഴിൽ പ്രകാരം തൊഴിൽ വകുപ്പ് പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമെ, തൊഴിൽ നിയമങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ടി പത്തനംതിട്ട, ഇടുക്കി, വയനാട്, എന്നീ ജില്ലകളിൽ ഓരോ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) തസ്തികകൾ കൂടി സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഉദിക്കുന്നില്ല.

60 (1707) തൊഴിൽമേഖലയിൽ ശാന്തമായ അവസരവും അന്തരീക്ഷവും സൃഷ്ടിക്കുവാൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ശാന്തമായ അവസരവും അന്തരീക്ഷവും സൃഷ്ടിക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെങ്കിലും നിർമ്മാണ മേഖലയിൽ തൊഴിൽ തർക്കങ്ങളോ സമരങ്ങളോ നടന്നിട്ടുണ്ടോ;

(സി) എങ്കിൽ അവ പരിഹരിച്ചിട്ടുണ്ടോ;

(ഡി) നിലവിൽ ഏതെങ്കിലും നിർമ്മാണമേഖലയിൽ തൊഴിൽ തർക്കങ്ങൾ നിലനിൽക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംഘടിതവും അസംഘടിതവും ആയ തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങളിൽ സമയോചിത ഇടപെടലുകളിലൂടെ ഫലപ്രദമായി പരിഹാരം കാണുന്നുണ്ട്. തൊഴിൽതർക്കങ്ങൾ പരിഹരിക്കുന്നതിനായി തൊഴിൽ വകുപ്പിലെ വിവിധ തലത്തിലുള്ള അനുരഞ്ജന ഉദ്യോഗസ്ഥൻമാർ സമ്മേളനങ്ങൾ വിളിച്ചുകൂട്ടി ചർച്ചയിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരം കാണുന്നു. ഇങ്ങനെ പരിഹരിക്കുവാൻ കഴിയാത്ത തർക്കങ്ങൾ തൊഴിൽ കോടതിയുടെ തീർപ്പിന് വിടാറുണ്ട്. ഇതിനു പുറമെ സംസ്ഥാന തല ത്തിൽ തൊഴിലാളി പ്രതിനിധികളടങ്ങുന്ന വ്യവസായബന്ധസമിതികളും, ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) താഴെ പറയുന്ന മേഖലകളിൽ തൊഴിൽതർക്കങ്ങൾ നില നിൽക്കുന്നുണ്ട്.

1. നെടുമങ്ങാട് അന്താരാഷ്ട്ര മാർക്കറ്റ്.

2. പുന്നപ്ര വാടയ്ക്കൽ റോഡ് നിർമ്മാണം.

3. കാളൻകോട് പുന്നപ്ര റോഡ്.

4. വീഗാ ഹോൾഡേഴ്സ് ആന്റ് പാർട്സ് ലിമിറ്റഡ്, എറണാകുളം.

5. ബി.എസ്. ഇ.എസ്. കേരള ലിമിറ്റഡ്. ഏല്ലൂർ, പന്തളം.

6. നെടുമ്പാശ്ശേരി അന്തർദേശീയ വിമാനത്താവളം.

ഈ സ്ഥാപനങ്ങളിൽ നിലവിലുള്ള തർക്കങ്ങൾ പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്.

61 (1709) അപകടകരമായ തൊഴിൽ ചെയ്യുന്നവർക്ക് ക്ഷേമ പദ്ധതികൾ

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേ ചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഫാക്ടറികളിലും മറ്റ് അപകടകരമായ തൊഴിൽ ചെയ്യുന്നവർക്കു മായി ക്ഷേമപദ്ധതികൾ നടപ്പാക്കാൻ പ്രത്യേക സമിതി രൂപവൽക്കരിക്കണമെ ന്നുള്ള ഹൈക്കോടതി നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) ക്ഷേമപദ്ധതികളുടെ കാര്യക്ഷമമായ പ്രവർത്തനം വീക്ഷിക്കുന്ന തിന് സ്ക്വാഡുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) അപകടകരമായ (ഹസാർഡസ് നിർമ്മാണ പ്രക്രിയകൾ നട ത്തുന്ന ഫാക്ടറികളിൽ തൊഴിൽ ചെയ്യുന്നവരുടെ ഏൺഡ് ലീവ്, കാഷ്വൽ ലീവ്, സിക്ക് ലീവ് മുതലായവയെ സംബന്ധിക്കുന്ന വ്യവസ്ഥകളുടെ പര്യാ പ്തത, അത്തരം ഫാക്ടറികളിലെ ആരോഗ്യക്ഷേമ, സുരക്ഷിതത്വ സംവിധാന ങ്ങൾ എന്നിവ പരിശോധിക്കുവാൻ പരിചയ സമ്പന്നരായ ഉദ്യോഗസ്ഥന്മാരു

LIBRARY ARCHIVES Kerala Legislative Assembly